## 1095

1 വേലയ്ക്കു വേലയ്ക്കു ദൈവദാസന്മാർ നാം
ക്രിസ്തൻ കാണിച്ച പാത നാം പിൻചെല്ലണം
ഇങ്ങു വാഴാൻ അല്ല ശുശ്രൂഷ ചെയ്‌വാൻ
ഇഹത്തിൽ പിറന്നു സ്വർഗ്ഗരാജാവു താൻ

യത്നിക്ക, യത്നിക്ക, തേടുക, നേടുക
ആശിക്ക, പ്രാർത്ഥിക്ക കർത്താവു വരും വേഗത്തിൽ

2 വേലയ്ക്കു വേലയ്ക്കു ചുറ്റും നോക്കുക നാം
എങ്ങും വാഴും അസത്യത്തെ പോക്കുക നാം
സർവ്വസൃഷ്ടിയും യേശുവെ കാണും വരെ
ഉയർത്തിടുക നാം സത്യമാം കൊടിയെ-

3 വേലയ്ക്കു വേലയ്ക്കു ദൈവദ്രോഹങ്ങളും
വ്യാജമാർഗ്ഗങ്ങൾ നാശത്തിൻ മോഹങ്ങളും
ദൈവഭൂമിയിൽ വർദ്ധിക്കുന്നോർ സമയേ
സ്വസ്ഥത യോഗ്യമോ ക്രിസ്തൻ ദാസന്മാരേ!-

4 വേലയ്ക്കു വേലയ്ക്കു ഇന്നു രക്ഷയിൻ നാൾ
എങ്കിലും നിത്യവും പാപശിക്ഷകളാൽ
ആയിരം ആയിരം നശിച്ചിടുന്നിതാ
രക്ഷിപ്പാൻ രക്ഷിപ്പാൻ എൻ സഹോദരാ! വാ-

5 വേലയ്ക്കു വേലയ്ക്കു ഓരോ കഷ്ടങ്ങളും
പരിഹാസങ്ങൾ ഹിംസകൾ നഷ്ടങ്ങളും
സഹിച്ചും വഹിച്ചും കൊണ്ടദ്ധ്വാനിക്ക നാം
എന്നാൽ ക്രിസ്തുവിൻ സത്യസേവകരാം-

6 വേലയ്ക്കു വേലയ്ക്കു പിന്നെ സ്വസ്ഥതയും
കർത്തൻ ദാസരാം നാം നിത്യം ആസ്വദിക്കും
എൻ സന്തോഷത്തിലേക്കു പ്രവേശിക്കുക
എന്നു താൻ അരുളിച്ചെയ്യും ഹല്ലേലുയ്യാ- **V.N.**